## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.317 — 26.02.2018 ൽ മറുപടിയ്ക്ക്

## ഭക്ഷ്യധാന്യങ്ങളുടെ വിലവർദ്ധനവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് വിലവർദ്ധനയുണ്ടാവില്ലെന്ന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഉത്തരവോ പ്രഖ്യാപനമോ നടത്തിയിട്ടുണ്ടോ; | (എ) | പ്രഖ്യാപനം നടത്തിയിട്ടുണ്ട്. |
| (ബി) സർക്കാർ ആശുപത്രികളിലേക്കും ജയിലുകളിലേക്കും അംഗൻവാടികളിലേക്കും ഭക്ഷ്യവകുപ്പ് മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ കാലയളവിൽ എത്ര പ്രാവശ്യം വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രതിമാസ വാങ്ങൽ വില, പൊതു വിപണി വില എന്നിവ അടിസ്ഥാനമാക്കി, പൊതുവിപണിയിലേതിനേക്കാൾ താഴെയാണെന്ന് ഉറപ്പ് വരുത്തി നിശ്ചയിക്കുന്ന ബൾക്ക് സെയിൽ നിരക്കിലാണ് സർക്കാർ ആശുപത്രികളിലേക്കും ജയിലുകളിലേക്കും അംഗൻവാടികളിലേക്കും 26 ഇനം മാവേലി സാധനങ്ങൾ വിതരണം ചെയ്യുന്നത്. അരി, പഞ്ചസാര, കടല, വൻപയർ, റാഗി എന്നിവയുടെ വിലയിൽ നേരിയ തോതിലുള്ള വർധന (8 മാസങ്ങളിലായി) ഉണ്ടായിട്ടുണ്ടെങ്കിലും മറ്റു സാധനങ്ങൾക്കെല്ലാം ഗണ്യമായ തോതിൽ വില കുറയുകയാണുണ്ടായിട്ടുള്ളത്. |
| (സി) സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തെപ്പോലും പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വിലക്കയറ്റമുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ? | (സി) | അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാവ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകുന്നു. എന്നാൽ സപ്ലൈകോ വഴി സർക്കാർ വിപണിയിൽ ഇടപെടുന്നതുമൂലം വിലവർദ്ധനവ് ഒരു പരിധി വരെ പിടിച്ചു നിറുത്താൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ